**പൊതുമരാമത്ത് വകുപ്പ്ചീഫ് എഞ്ചിനീയറുടെ (രൂപകല്പനയും ഭരണവും) തിരുവനന്തപുരം**

**നടപടിക്രമം**

**//ഹാജർ: കെ. സുന്ദരൻ//**

വിഷയം- പൊ.മ.വ - ജീവനക്കാര്യം- ക്ലാസ്സ് ഫോർ/ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർ എന്നിവർക്ക് എൽ.ഡി ക്ലാർക്ക്/ എൽ.ഡി ടൈപ്പിസ്റ്റ് ആയുള്ള തസ്തിക മാറ്റ നിയമനത്തിനുള്ള അന്തിമ സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ (as on 31/12/2007) മാറ്റങ്ങൾ വരുത്തുന്നത് - സംബന്ധിച്ച്.

സൂചന- 1. സർക്കാർ ഉത്തരവ് (പി) നമ്പർ: 01/2014/ഉ.ഭ.പ.വ തീയതി 03/01/2014.
2. 01/06/2016 ലെ സർക്കുലർ നമ്പർ എസ്സ്.സി 5/11969/16.
3. 11/08/2016-ലെ തൃശൂർ പൊ.മ.വ ഇലക്ട്രോണിക്സ് ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് നമ്പർ ഇഡിഎ1/555/15.

**ഉത്തരവ് നമ്പർ എസ്സ്.സി.5/14615 /2016 തീയതി 20/09 /2016**

സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം ക്ലാസ്സ് ഫോർ/ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർ എന്നിവർക്ക് എൽ.ഡി ക്ലാർക്ക്/ എൽ.ഡി ടൈപ്പിസ്റ്റ് ആയുള്ള തസ്തികമാറ്റ നിയമനത്തിനുള്ള സൂചന (2) സർക്കുലർ പ്രകാരം ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകങ്ങൾ ആവശ്യപ്പെട്ടിരുന്നു. ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എം.വി വിൽസൺ, ഓഫീസ് അറ്റൻഡന്റ്, 29/12/1989-ലെ G.O (Rt) No. 2157/89/PW&T പ്രകാരം 08/03/1990-ൽ സർവ്വീസിൽ പ്രവേശിച്ചയാളാണ്. ടിയാൻ കൊല്ലം ജില്ലയിൽ നിന്നും അന്തർജില്ലാതല സ്ഥലംമാറ്റം വാങ്ങി എറണാകുളം ജില്ലയിൽ 16/10/1990 -ൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാകുന്നു. ആയതിനാൽ ടിയാനെ എറണാകുളം ജില്ലാതല ലിസ്റ്റിൽ 1-ാം നമ്പറായും അതോടൊപ്പം ടി ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ. കെ.പി ശ്രീകുമാറിനെ 1 എ ആയും, ശ്രീ.കെ.എ ജോസിനെ 1 ബി ആയും റാങ്ക് പുനർനിർണ്ണയം ചെയ്തു ഉത്തരവാകുന്നു.

പ്രസ്തുത തീരുമാനത്തിൽ പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ആയത് മേലധികാരി മുഖേന രണ്ടാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. സമയബന്ധിതമായി പരാതികൾ ലഭ്യമല്ലാത്തപക്ഷം ടി തീരുമാനം അന്തിമമായി കൈക്കൊള്ളുന്നതാണ്.

ഒപ്പ്/-

**ചീഫ് എഞ്ചിനീയർ**

(രൂപകല്പനയും ഭരണവും)

പകർപ്പ്

1. ഐ.റ്റി സെൽ, പൊതുമരാമത്ത് വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
2. സ്പെയർ/സ്റ്റോക്ക്.

**ഉത്തരവിൻ പ്രകാരം**

Jayakumari

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (പി. എഫ്)**

SW